# നോട്ടുനിരോധനത്തിന്റെ ഒന്നാം വാർഷികം: സാമ്പത്തിക പ്രത്യാഘാതങ്ങൾ

## ഡോ. ബി. എ. പ്രകാശ്

**(2017 നവംബർ 8)**

---

കള്ളപ്പണവും, അഴിമതിയും ഇല്ലാതാക്കുക എന്ന മുഖ്യലക്ഷ്യത്തോടെ കറൻസി അസാധുവാക്കിയിട്ട് ഒരു വർഷം തികയുന്നു. ജനങ്ങൾ ക്രയവിക്രയങ്ങൾക്ക് പ്രധാനമായും ഉപയോഗിച്ചിരുന്ന മൊത്തം കറൻസിയിൽ 86 ശതമാനവും അസാധുവാക്കപ്പെട്ടു. വേണ്ടത്ര പുതിയ കറൻസി അച്ചടിക്കാതെ നടപ്പാക്കിയത് മൂലം അഭൂതപൂർവമായ കറൻസി ക്ഷാമം സൃഷ്ടിക്കപ്പെട്ടു. പഴയ കറൻസി മാറ്റിയെടുക്കാനും, ബാങ്കുകൾ, എ.ടി.എം എന്നിവയിൽ നിന്നും പണം പിൻവലിയ്ക്കുന്നതിനും റേഷനിംഗ് സ്വഭാവത്തിലുള്ള നിയന്ത്രണങ്ങൾ ഏർപ്പെടുത്തി. പുതിയ 2000 രൂപ നോട്ടുകൾ രൂക്ഷ ചില്ലറ പ്രശ്നം സൃഷ്ടിച്ചു. വേണ്ടത്ര പുതിയ കറൻസി അച്ചടിച്ച്, നോട്ട് വിതരണം സാധാരണ നിലയിലെത്താൻ അഞ്ചുമാസക്കാലത്തിലധികം വേണ്ടി വന്നു. കറൻസി അസാധുവാക്കൽ കടുത്ത കമ്പോള വിരുദ്ധ നടപടിയാണ്. കമ്പോള ചട്ടകൂടിൽ പ്രവർത്തിക്കുന്ന ഇന്ത്യയുടെ സമ്പദ്ഘടനയുടെ താളം തെറ്റിക്കുകയും, രാജ്യത്തെ സാമ്പത്തിക മാന്ദ്യത്തിലും, പ്രതിസന്ധിയിലേക്കും തള്ളിവിടാൻ ഇത് ഇടയാക്കി. ഇത് മൂലം സമ്പന്നർ ഒഴികെ മറ്റെല്ലാവിഭാഗം ജനങ്ങളുടെ ജീവിതം ദുരിതത്തിലാകുകയും ചെയ്തു. കറൻസി അസാധുവാക്കൽ, സാമ്പത്തിക രംഗത്ത് സൃഷ്ടിച്ച പ്രത്യാഘാതങ്ങളും, പ്രതിസന്ധികളും പരിശോധിക്കുകയാണ് ഈ ലേഖനത്തിൽ.

## ഇന്ത്യയിൽ അനുഭവപ്പെട്ട പ്രത്യാഘാതങ്ങൾ

ശരീരത്തിന്റെ എല്ലാ അവയവങ്ങളിലും രക്തം വേണ്ടത്ര അളവിൽ എത്തി ചേരാതെ ശരീരവും, ശരീരഭാഗങ്ങളും തളരുന്ന പോലെ, കറൻസിക്ഷാമം സമ്പദ്ഘടനയുടെ സമസ്ത മേഖലകളെയും തളർത്തി. രാജ്യത്തെ കറൻസി സർക്കുലേഷനിലും, ബാങ്കുവായ്പയിലും ഇന്ത്യയിൽ മുൻപ് ഉണ്ടാകാത്ത വിധം ഇടിവ് ഉണ്ടായി. എൺപതുശതമാനത്തോളം ക്രയ വിക്രയങ്ങൾ കറൻസി ഉപയോഗിച്ച് നടത്തുന്ന ഇന്ത്യയുടെ സമ്പദ് വ്യവസ്ഥയിൽ അതിരൂക്ഷമായ കറൻസി ക്ഷാമം എല്ലാ സാമ്പത്തിക പ്രവർത്തനങ്ങളെയും മന്ദിഭവിപ്പിക്കുകയും, നിക്ഷേപം, ഉത്പാദനം, തൊഴിൽ, ഉപഭോഗം എന്നിവയിൽ വൻ തോതിൽ ഇടിവ് ഉണ്ടാക്കുകയും ചെയ്തു. ഇതിന്റെ ആഘാതം ഏറ്റവും രൂക്ഷമായി അനുഭവപ്പെട്ടത് അസംഘടിതമേഖലയിലും, ചെറുകിട മേഖലയിലുമാണ്. സ്വയം തൊഴിൽ ചെയ്യുന്നവർ, നാമമാത്ര ചെറുകിട കർഷകർ, കാർഷിക മേഖലയിലെ തൊഴിലാളികൾ, മറ്റു കാഷ്വൽ തൊഴിലാളികൾ, നാമമാത്ര ചെറുകിട വ്യവസായികൾ, വഴിയോര കച്ചവടക്കാർ തുടങ്ങിയവരുടെ സാമ്പത്തിക പ്രവർത്തനങ്ങൾ സ്തംഭനാവസ്ഥയിലേക്കും, തകർച്ചയിലേക്കും നീങ്ങി. ഭൂരിഭാഗം കുടിൽ വ്യവസായങ്ങളും, പരമ്പരാഗത വ്യവസായങ്ങളും, ചെറുകിട വ്യവസായങ്ങളും തകർന്നു. നോട്ട്നിരോധനത്തിന്റെ ഭാഗമായി സഹകരണ ബാങ്കിംഗ് സ്ഥാപനങ്ങളിൽ ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ

ഗ്രാമീണ മേഖലയിലെ ബാങ്കിംഗ് പ്രവർത്തനങ്ങളെയും, വായ്പാവിതരണത്തെയും സ്തംഭനാവസ്ഥയിലാക്കി. രാജ്യവ്യാപകമായി നടത്തിയ ഒരു സർവേയിൽ പങ്കെടുത്ത 63 ശതമാനം ജനങ്ങളും, നോട്ടുനിരോധനം രൂക്ഷമായ പ്രശ്നങ്ങളും, പ്രതിസന്ധികളും സൃഷ്ടിച്ചതായി അഭിപ്രായപ്പെട്ടു. രാജ്യത്തെ 32 സിവിൽ സൊസൈറ്റി സംഘടനകളാണ് ഈ സർവേ നടത്തിയത് (ടൈംസ് ഓഫ് ഇന്ത്യ, നവംബർ 8, 2017).

## കാർഷികമേഖല

ഇന്ത്യയിലെ കർഷകരിൽ 74 ശതമാനവും കടബാധ്യതയിലാണെന്നാണ് നാഷണൽ സാമ്പിൾ സർവേയുടെ കണക്ക്. ഇവരിൽ കൂടുതൽ കടബാധ്യത ഉള്ള വിഭാഗം ഒരു ഹെക്ടറിൽ താഴെ ഭൂമിയുള്ള നാമമാത്ര കർഷകരാണ്. നോട്ട്നിരോധനം കാർഷികമേഖലയിൽ രൂക്ഷ പ്രതിസന്ധി സൃഷ്ടിച്ചു. കാർഷിക ഉത്പന്നങ്ങൾക്ക് ഡിമാന്റ് ഇല്ലാത്ത അവസ്ഥ, വിലയിടിവ്, കാർഷികപ്രവർത്തങ്ങൾ നടത്താനുള്ള കറൻസിക്ഷാമം, കാർഷികവായ്പ തിരിച്ചടയ്ക്കാൻ കഴിയാത്ത അവസ്ഥ, പുതിയ വായ്പലഭ്യമല്ലാത്ത സ്ഥിതി തുടങ്ങിയവ മൂലം കർഷക തൊഴിലാളികളും സാമ്പത്തികമായി തകർന്നു. ഇതേ തുടർന്ന് പലസംസ്ഥാനങ്ങളും കാർഷിക വായ്പ എഴുതിതള്ളാൻ നിർബന്ധിതരായി. ഏതാണ്ട് 88,000 കോടി രൂപയുടെ വായ്പ എഴുതിതള്ളി.

## സാമ്പത്തിക വളർച്ച, ഉപഭോഗം, ബാങ്കുകളുടെ കിട്ടാകടം

നോട്ട്നിരോധനത്തിന് ശേഷം സാമ്പത്തികവളർച്ച നിരക്ക്, ജനങ്ങളുടെ ഉപഭോഗ ചെലവ് എന്നിവയിൽ ഇടിവുണ്ടായി. ബാങ്കുകളുടെ കിട്ടാകടം വർദ്ധിച്ചു. 2015-16 സാമ്പത്തിക വർഷത്തെ വളർച്ചാനിരക്ക് 7.9 ശതമാനമായിരുന്നത് (ഗ്രോസ് വാല്യൂ ആഡഡ്), 2016-17 ൽ 6.6 ശതമാനമായി കുറഞ്ഞു. നോട്ട്നിരോധനം നടപ്പിലാക്കിയതിനു ശേഷമുള്ള അഞ്ചുമാസം കൊണ്ട് വളർച്ചനിരക്ക് 2016-17 ൽ 1.3 ശതമാനം കുറഞ്ഞു. വ്യവസായം, നിർമ്മാണം, വ്യാപാരം, ഗതാഗതം, വാർത്താവിനിമയം, ഫിനാൻസ്, റിയൽ എസ്റ്റേറ്റ് തുടങ്ങിയ മേഖലകളിലെ വളർച്ചാനിരക്ക് ഗണ്യമായി കുറഞ്ഞു. വളർച്ചാനിരക്കിൽ ഒരു ശതമാനം കുറവുണ്ടാവുകയെന്നാൽ രാജ്യത്തെ ഉദ്പാദനത്തിൽ 1.5 ലക്ഷം കോടിയുടെ കുറവുണ്ടായി എന്നാണ്. ഇതുമൂലം വൻതോതിൽ തൊഴിലവസരങ്ങളും ഇല്ലാതായി. അസംഘിടിത മേഖലയിൽ മാത്രം 15 ലക്ഷം പേർക്ക് തൊഴിൽ നഷ്ടപ്പെട്ടതായി സി.എം.ഐ.ഇ. കണക്കാക്കുന്നു. ജനങ്ങളുടെ ഉപഭോഗചെലവ് (പ്രൈവറ്റ് ഫൈനൽ കൺസംഷൻ ചെലവ്) നോട്ട്നിരോധനത്തിന് ശേഷമുള്ള ക്വാർട്ടറുകളിൽ വൻതോതിൽ കുറഞ്ഞത് ഉത്പന്നങ്ങൾക്ക് കമ്പോളത്തിൽ ഡിമാന്റ് ഇല്ലാത്ത അവസ്ഥ സൃഷ്ടിച്ചു. 2017-18 ലെ ആദ്യ ക്വാർട്ടറിൽ (ഏപ്രിൽ-ജൂൺ) ഇത് പൂജ്യം ശതമാനത്തിനു താഴെയായി (-9) കുറഞ്ഞു. ജി.ഡി.പി യിൽ പ്രൈവറ്റ് ഫൈനൽ കൺസംഷൻ ചെലവിന്റെ വിഹിതം 57.34 ശതമാനമാണ്. സാമ്പത്തിക പ്രവർത്തങ്ങൾ ലാഭകരമല്ലാതായതോടെ ബാങ്ക് വായ്പ തിരിച്ചടവ് കുറയുകയും, ബാങ്കുകളുടെ കിട്ടാകടം വർദ്ധിക്കുകയും ചെയ്തു. 2016 ഡിസംബറിൽ ബാങ്കുകളിലെ കിട്ടാകടം 677,443 കോടിയായിരുന്നത് 2017 ജൂണിൽ 829,338 കോടിയായി വർദ്ധിച്ചു.

## കള്ളപ്പണം

നോട്ട്നിരോധനം മൂലം വൻതോതിൽ കള്ളപ്പണം ഇല്ലാതാക്കാൻ കഴിയുമെന്ന പ്രതീക്ഷ യാഥാർത്ഥ്യമായില്ല. നാല് മുതൽ അഞ്ചു ലക്ഷം കോടി രൂപയുടെ കള്ളപ്പണം രാജ്യത്ത് പ്രചാരത്തിലുണ്ടെന്നും, അത്രയും തുക തിരിച്ച് ബാങ്കുകളിലേക്ക് വരില്ലയെന്നും കേന്ദ്രസർക്കാർ കരുതിയിരുന്നു. എന്നാൽ അസാധുവാക്കിയ 15.44 ലക്ഷം കോടിരൂപ മൂല്യമുള്ള നോട്ടുകളിൽ 99 ശതമാനവും തിരിച്ചെത്തിയതായി റിസർവ് ബാങ്ക് പറയുന്നു.

## കേരളത്തിൽ അനുഭവപ്പെട്ട പ്രത്യാഘാതങ്ങൾ

മറ്റു സംസ്ഥാനങ്ങളിൽ അനുഭവപ്പെട്ടതിനേക്കാൾ രൂക്ഷ സാമ്പത്തിക പ്രത്യാഘാതങ്ങളാണ് കേരളത്തിലുണ്ടായത്. കാർഷിക ഉൽപ്പന്നങ്ങളുടെ വിലയിടിവ്, തൊഴിലില്ലായ്മ, ഉൽപ്പന്നങ്ങൾക്ക് ഡിമാന്റ് ഇല്ലാത്ത അവസ്ഥ, സഹകരണ ബാങ്കുകളുടെ സ്തംഭനാവസ്ഥ മൂലമുള്ള പ്രതിസന്ധി തുടങ്ങിയവ കാർഷിക മേഖലയ്ക്കും, അനുബന്ധ മേഖലയായ മത്സ്യബന്ധനം, കന്നുകാലി വളർത്തൽ ഇവയെ തളർത്തി. പരമ്പരാഗത വ്യവസായങ്ങളും, ചെറുകിട വ്യവസായ മേഖലയും രൂക്ഷപ്രതിസന്ധിയിലായി. നിർമ്മാണ മേഖല സ്തംഭനത്തിലാവുകയും, മറ്റു സംസ്ഥാനങ്ങളിൽ നിന്നുള്ള തൊഴിലാളികൾ വലിയ തോതിൽ മടങ്ങി പോവുകയും ചെയ്തു. ഗൾഫ് കുടിയേറ്റക്കാർ വിദേശത്ത് നിന്ന് അയച്ച വൻ തോതിലുള്ള പണം ബാങ്ക് വഴി മാറ്റി പണമായി ലഭിക്കാത്ത സ്ഥിതി ഉണ്ടായി. ഇതുമൂലം ലക്ഷകണക്കിന് ഗൾഫ് കുടുംബങ്ങൾ ഉപഭോഗത്തിനു ചെലവാക്കേണ്ട തുക ചെലവാക്കാൻ കഴിഞ്ഞില്ല. ടൂറിസ്റ്റുകളുടെ വരവിൽ ഗണ്യമായ ഇടിവ് ഉണ്ടാക്കിയത് ആ മേഖലയിൽ വലിയ മാന്ദ്യം ഉണ്ടാക്കി. സ്വയം തൊഴിൽ ചെയ്തു ജീവിയ്ക്കുന്നവരും, ചെറുകിട കച്ചവട, ഹോട്ടൽ തുടങ്ങിയവ നടത്തുന്നവരും രൂക്ഷപ്രതിസന്ധിയിലായി. ചുരുക്കത്തിൽ നോട്ടുനിരോധനം സാമ്പത്തിക മേഖലകളിൽ വൻ തകർച്ചയും, വൻ തോതിൽ തൊഴിൽ നഷ്ടത്തിനും ഇടയാക്കി. തൊഴിൽ ചെയ്യുന്നവരുടെ വരുമാനത്തിൽ വൻ ഇടിവും സൃഷ്ടിച്ചു.

ചുരുക്കത്തിൽ കമ്പോള ചട്ടകൂടിൽ പ്രവർത്തിക്കുന്ന സമ്പദ്ഘടനയുടെ താളം തെറ്റിച്ച് സമ്പദ്ഘടനയെ മാന്ദ്യത്തിലേക്കും, തകർച്ചയിലേക്കും നയിച്ച നടപടിയാണ് നോട്ട്നിരോധനം. രൂക്ഷ സാമ്പത്തിക പ്രത്യാഘാതങ്ങളാണ് കേരളത്തിലും അനുഭവപ്പെട്ടത്. നോട്ടുനിരോധനത്തിന് ശേഷം നടപ്പിലാക്കിയ ചരക്ക് സേവന നികുതിയും സംസ്ഥാനത്തും, രാജ്യത്തും മാന്ദ്യവും, പ്രതിസന്ധിയും വർദ്ധിപ്പിക്കാനേ ഇടയാക്കിയിട്ടുള്ളൂ. ചരക്ക് സേവന നികുതിയിൽ അടിമുടി മാറ്റം വരുത്തുകയും, അസംഘിടിത മേഖലയും, ചെറുകിട മേഖലയും ഉത്തേജിപ്പിക്കാൻ സഹായകരമായ മാന്ദ്യവിരുദ്ധ പാക്കേജുകൾ നടപ്പിലാക്കിയാൽ മാത്രമേ ഈ പ്രതിസന്ധിയിൽ നിന്ന് കരകയറാൻ കഴിയൂ. അതുവരെ സമ്പദ് വ്യവസ്ഥ മാന്ദ്യത്തിൽ തുടരാനാണ് സാധ്യത.

**********